# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2615 10/12/2014-ൽ മറുപടിക്ക്

## കാൻസർ ചികിത്സാ സൗകര്യങ്ങൾ

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ജെയിംസ് മാത്യു
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, വി.ശിവൻകുട്ടി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അർബുദരോഗ ചികിത്സ സൗജന്യമാക്കുന്ന പദ്ധതിയ്ക്കായി എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്; | (എ) | ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എങ്കിലും ആവശ്യാനുസരണം തുക സർക്കാർ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | മലബാർ കാൻസർ സെന്ററിനും മറ്റ് സർക്കാരാശുപത്രികൾക്കും അർബുദ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാനായി ഈ വർഷം എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന അറിയിക്കാമോ; | (ബി) | ഈ ആവശ്യത്തിനു വേണ്ടി മലബാർ കാൻസർ സെന്ററിന് 2014-15 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ല. മറ്റ് സർക്കാർ ആശുപത്രികളിൽ അർബുദ രോഗ ചികിത്സാ സൗകര്യം ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതിന് കാൻസർ കെയർ പ്രോഗ്രാം എന്ന സ്കീമിൽ 220/- ലക്ഷം രൂപ 2210-പ്ലാൻ ശീർഷകത്തിലായി 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് അർബുദ ചികിത്സയ്ക്കുള്ള സൗകര്യം പര്യാപ്തമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ സൗകര്യ വികസനത്തിനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ ? | (സി) | സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രി കാൻസർ ചികിത്സ ലഭ്യമാക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ റീജിയണൽ കാൻസർ സെന്ററുകളോ, മെഡിക്കൽ കോളേജുകളോ നിലവിൽ ഇല്ലാത്ത ജില്ലകളിലെ കാൻസർ രോഗികൾക്ക് |

| | | | |
|---|---|---|---|
| | | | സ്വന്തം ജില്ലയിൽ തന്നെ തുടർ ചികിത്സ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കാൻസർ ചികിത്സാ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ആദ്യ ഘട്ടമായി 32 ലക്ഷത്തോളം കുടുംബങ്ങളെ സുകൃതം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ ചെലവ് പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ പുതിയ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനും നിലവിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ